**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 95** **07-02-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽ വലിയൊരു വിഭാഗം ലഹരിക്ക് അടിമകളാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | അങ്ങനെയൊരു റിപ്പോർട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടില്ല എന്നിരുന്നാലും സ്കൂൾ വിദ്യാർത്ഥികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം കണ്ടെത്തുന്നതിനും അവ ഇല്ലായ്മ ചെയ്യുന്നതിനും വേണ്ട പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ ഏറ്റെടുത്ത് നടപ്പാക്കി വരുന്നു. ഗവൺമെന്റിന്റെ ലഹരി വിരുദ്ധ പ്രവർത്തനം വിദ്യാലയങ്ങളിൽ വ്യാപിപ്പിച്ചു കൊണ്ട് വിദ്യാർത്ഥികളുടെ ഇടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനും ശക്തമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.ഇതിന്റെ തുടർച്ചയായി രണ്ടാംഘട്ട ലഹരി വിരുദ്ധ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ ലഹരി ഉപയോഗത്തിന് കുടുക്കുന്നതിനായി പ്രവർത്തിക്കുന്ന റാക്കറ്റുകളെ തകർക്കുന്നതിനായി പോലീസും എക്സൈസും പൊതു വിദ്യാഭ്യാസ വകുപ്പും ഒത്തു ചേർന്ന് പ്രവർത്തനം നടത്തുന്നു.സ്കൂളുകളിൽ ജനജാഗ്രതാ സമിതി രൂപീകരിച്ചു കൊണ്ടും പ്രവർത്തനം നടത്തുന്നുണ്ട്. |
| (ബി) | എല്ലാ സ്കൂൾ വിദ്യാർത്ഥികളെയും ആറ് മാസത്തിൽ ഒരിക്കലെങ്കിലും മെഡിക്കൽ പരിശോധനയ്ക്ക് വിധേയരാക്കി അവർ ലഹരിക്ക് അടിമകളല്ലെന്ന് ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ; | (ബി) | നിലവിൽ പരിഗണനയിലില്ല |
| (സി) | കുട്ടികൾക്ക് ഒഴിവ് സമയം ക്രിയാത്മകമായി ചെലവഴിക്കുവാൻ ഉതകുന്ന സംവിധാനം ഒരുക്കുന്നതിനും കരിക്കുലത്തിൽ സ്പോർട്സിന് കൂടുതൽ പ്രാധാന്യം നൽകുന്നതിനും നടപടി സ്വീകരിക്കുമോ; | (സി) | സ്കൂൾ തലത്തിൽ പാഠ്യപദ്ധതിയുടെ ഭാഗമായി നിലവിൽ കായിക വിദ്യാഭ്യാസവും ഉൾപ്പെടുത്തിയിട്ടുണ്ട്. സ്പോർട്സ്/ഗെയിംസ് നും കൂടുതൽ പ്രാധാന്യം നൽകിയിട്ടുണ്ട്. പാഠ്യ പദ്ധതി പരിഷ്കരണത്തിൽ ഇക്കാര്യത്തിൽ കൂടുതൽ ഊന്നൽ നൽകും. |

| | | | |
|---|---|---|---|
| (ഡി) | ലഹരി മാഫിയയെക്കുറിച്ച് വിവരങ്ങൾ നൽകുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ പുറത്ത് പോകാതിരിക്കാൻ ആവശ്യമായ ശ്രദ്ധ നൽകുമോ? | (ഡി) | എക്സൈസ്, പോലീസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നത്. വിദ്യാർത്ഥികളുടെ വിവരങ്ങൾ പുറത്തു പോകാതിരിക്കുന്നതിന് ശ്രദ്ധ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ